LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിനുള്ള ജില്ലാതല സംവിധാനങ്ങൾ

214 (3501) ശ്രീ. കെ. രാജു : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷി വകുപ്പിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് കണ്ടെത്തി നടപടികൾക്ക് ശിപാർശ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കൃഷിവകുപ്പിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് കണ്ടെത്തുവാനുള്ള സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് സേഫ്റ്റ് ഈറ്റ് എന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരത്തെ പച്ചക്കറികടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് പച്ചക്കറിച്ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി 50 മുതൽ 60 ഇനം പച്ചക്കറികളുടെ 200 ഓളം സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധ പച്ചക്കറികളിൽ കണ്ടെത്തുന്ന കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദകണക്കുകൾ കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in പ്രസിദ്ധീകരിക്കുന്നു. പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ ബോധവത്കരിക്കുന്നു.

തരിശുനിലങ്ങളുടെ വ്യാപ്തി

215 (3502) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തരിശുനിലങ്ങളുടെ വ്യാപ്തി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;